**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3092** **04-08-2021 - ൽ മറുപടിയ്ക്ക്**

**വിമാനത്താവള വികസനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | 13.07.2021-ന് പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സംസ്ഥാനത്തിന്റെ ഏതെല്ലാം വികസന കാര്യങ്ങളാണ് ഉന്നയിച്ചതെന്ന് അറിയിക്കാമോ; ഇക്കാര്യങ്ങളിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ ഏതെല്ലാമാണ്; | (എ) | 13.07.2021 ന് പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ ഉന്നയിച്ച സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾ ചുവടെ ചേർക്കുന്നു. (i). സെമീ ഹൈസ്പീഡ് ലൈൻ (സിൽവർലൈൻ) (ii). തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ്മെട്രോ (iii). അങ്കമാലി - ശബരി റെയിൽ (iv). തലശ്ശേരി - മൈസൂർ റെയിൽ (v). കൊച്ചിമെട്രോ - II സ്റ്റേജ് (vi). തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് പ്രോജക്ട് (vii). കണ്ണൂർ എയർപോർട്ട് - വിദേശവിമാന കമ്പനികൾക്കുള്ള പോയിന്റ് ഓഫ് കാൾ (viii). കോഴിക്കോട് എയർപോർട്ട് - വലിയ വിമാനങ്ങൾക്കുള്ള അനുമതി (ix). ശബരിമല എയർപോർട്ട് (x). ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിനുള്ള അനുമതി (xi). പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ സ്ഥലം (xii). BPCL പബ്ലിക് സെക്ടറിൽ നിലനിർത്തുക (xiii). കൊച്ചി മെട്രോ കെമിക്കൽ കോംപ്ലക്സ് ഈ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കുന്നതനുസരിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ നിർദ്ദിഷ്ട ലൈറ്റ് മെട്രോ സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ പ്രതികരണം അറിയിക്കാമോ; | (ബി) | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ ഡി.പി.ആറിന് 12.02.2021-ലെ ജി.ഒ. (എം.എസ്) നം.11/2021/ പി.ഡബ്ല്യൂഡി പ്രകാരം അംഗികാരം നൽകുകയും പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തു. തുടർന്ന് 18.02.2021-ന് ക്രേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 08.04.2021-ന് കേന്ദ്ര ഭവനനഗരകാര്യ മന്ത്രാലയത്തിൽ നിന്ന് പ്രാഥമിക നിരിക്ഷണങ്ങൾ (Preliminary Observation) അറിയിക്കുകയും ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | ഇവയ്ക്കുള്ള മറുപടി 21.06.2021-ന് പ്രസ്തുത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കണ്ണൂർ വിമാനത്താവളം അന്താരാഷ്ട്ര വിമാനത്താവളമായി വികസിച്ചെങ്കിലും അവിടെ വിദേശ വിമാനങ്ങൾക്ക് അനുമതിയില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | തിരുവനന്തപുരം വിമാനത്താവളം സംസ്ഥാന താത്പര്യത്തിന് വിരുദ്ധമായി അദാനിക്ക് കൈമാറുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിന്മാറുന്ന കാര്യം ചർച്ച ചെയ്തിരുന്നോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | ചർച്ച ചെയ്തിരുന്നില്ല. |

സെക്ഷൻ ഓഫീസർ